നിധി ബോർഡുകളിൽ മുഖ്യമായും ഡെപ്യൂട്ടേഷൻ വഴിയാണ് നിയമനം നടത്തിവരുന്നത്. എന്നാൽ ഒഴിവുള്ള തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി 179 ദിവസത്തിൽ അധികരിക്കാത്ത രീതിയിൽ താത്ക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തിവരുന്നുണ്ട്. കൂടാതെ അനിവാര്യമായ തസ്തികകളിലേയ്ക്ക് കോൺട്രാക്ട് അടിസ്ഥാനത്തിലും ദിവസക്കൂലി അടിസ്ഥാനത്തിലും നിയമനം നടത്തിവരുന്നു. ഈ നിയമനങ്ങൾ സർക്കാർ നിശ്ചയിക്കുന്ന നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായിട്ടായതിനാൽ റദ്ദാക്കുന്ന പ്രശ്നം ഉദിക്കുന്നില്ല.

(ഡി) ഉദിക്കുന്നില്ല.

19 (2319) വികലാംഗ പെൻഷൻ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വികലാംഗർക്ക് നൽകിവരുന്ന സൗജന്യങ്ങളും ആനുകൂല്യങ്ങളും കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) വികലാംഗ പെൻഷൻ 5000 രൂപയായി വർദ്ധിപ്പിക്കുവാൻ സർക്കാർ നടപടിയെടുക്കുമോ;

(സി) അന്ധർക്ക് ജോലി സംവരണം കൃത്യമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം സർക്കാർ സംവിധാനങ്ങളാണ് ഉള്ളത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വികലാംഗർക്ക് നൽകി വരുന്ന സൗജന്യങ്ങളും ആനുകൂല്യങ്ങളും കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ താഴെപ്പറയുന്നു.

വികലാംഗരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, സന്നദ്ധ സംഘടനകൾ നടത്തുന്ന വികലാംഗ പുനരധിവാസ സദനങ്ങൾക്കുള്ള ഗ്രാന്റ്, സ്വകാര്യ സ്ഥാപനങ്ങളിൽ പഠിക്കുന്ന മന്ദബുദ്ധിയായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് എന്നിവയ്ക്ക് നിശ്ചയിച്ചിരുന്ന കുടുംബ വാർഷിക വരുമാന പരിധി 24000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. അന്ധരായ അഭിഭാഷകർക്ക് വായനാ സഹായിക്ക് നൽകി വരുന്ന റീഡേഴ്സ് അലവൻസ് 400 രൂപയിൽ നിന്നും 1000 രൂപയായി ഉയർത്തിയിട്ടുണ്ട്.

മികച്ച വികലാംഗ ജീവനക്കാർക്കുള്ള സംസ്ഥാന അവാർഡ് തുക 1000 രൂപയിൽനിന്ന് 3000 രൂപയായി ഉയർത്തിയിട്ടുണ്ട്. വികലാംഗ തൊഴിൽ പരിശീലന കേന്ദ്രങ്ങളിലെ പരിശീലകർക്ക് പ്രതിമാസ സ്റ്റൈപെന്റ് 150 രൂപയിൽനിന്നും 200 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വികലാംഗ പെൻഷൻ 90 രൂപയിൽനിന്നും 110 രൂപയായി ഉയർത്തിയിട്ടുണ്ട്. സർക്കാർ സർവ്വീസിലെ ക്ലാസ് III, IV തസ്തികകളിൽ മൊത്തം ഒഴിവുകളുടെ 3 ശതമാനം വികലാംഗർക്ക് സംവരണം ചെയ്തു. ഈ വിഭാഗക്കാർക്ക് അനുയോജ്യമായ തസ്തികകൾ നോട്ടിഫൈ ചെയ്തു. സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് 1-1-97 മുതൽ 14-8-98 വരെ താൽക്കാലിക സർവ്വീസിലുണ്ടായിരുന്ന വികലാംഗരെ സ്ഥിരപ്പെടുത്താനും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വികലാംഗ പെൻഷൻ 90 രൂപയിൽ നിന്നും 110 രൂപയായി ഉയർത്തിയിരുന്നു. വീണ്ടും വർദ്ധിപ്പിക്കുവാനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാർ പരിഗണനയിലില്ല.

(സി) ക്ലാസ് III,IV തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ 3 ശത മാനം വികലാംഗർക്ക് സംവരണം ചെയ്തുകൊണ്ടും പ്രസ്തുത തസ്തികക ളിൽ മൂന്നു വിഭാഗത്തിലുള്ള വികലാംഗർക്കും (അന്ധത സംബന്ധമായ വൈകല്യമുള്ളവർ, ബധിരർ-ബധിരമൂകർ, അന്ധർ) 1:1:1 എന്ന അനുപാതക്രമ ത്തിൽ തുല്യപ്രാധാന്യവും നൽകി നേരിട്ട് നിയമനം നടത്തുന്നതിന് ജില്ലാ കളക്ടർമാരെ ചുമതപ്പെടുത്തി 14-7-98-ലെ ജി.ഒ.(പി)20/98/പി.ആന്റ്.എ.ആർ. ഡി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം നിയമനം നടത്തു മ്പോൾ അന്ധർക്ക് അനുയോജ്യമായ തസ്തികകളിൽ, അവർക്കായി നീക്കിവ ച്ചിട്ടുള്ള തസ്തികകളിൽ, തുല്യ അനുപാതക്രമത്തിൽ നിയമനം നൽകണ മെന്ന് ടി ഉത്തരത്തിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്. ടി. പദ്ധതി പ്രകാരമുള്ള നിയമന ങ്ങളുടെ സുഗമമായ നടത്തിപ്പിന് ഓരോ വകുപ്പിലും ഉണ്ടാകുന്ന ഒഴിവുക ളുടെ വിവരം ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ ആവശ്യപ്പെടുമ്പോൾ ഉടനടി റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് ബന്ധപ്പെട്ട എല്ലാ നിയമന അധികാരികളേയും ഓർമ്മപ്പെടുത്തിയിട്ടുമുണ്ട്. ഈ പദ്ധതി അനുസരിച്ച് നേരിട്ട് നിയമനം നട ത്തുന്ന കാര്യത്തിൽ അടിയന്തിര നടപടി എടുക്കണമെന്നും നിയമനം നടത്തി യതു സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കണമെന്നും ജില്ലാ കള ക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

20 (2320) വിമുക്തഭടന്മാർക്ക് ആനുകൂല്യങ്ങൾ

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. കെ.എ. ചന്ദ്രൻ :

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമുക്ത ഭടന്മാർക്ക് ജോലി സംവരണം ഏർപ്പെടുത്തുക, പോലീസ്, ഫോറസ്റ്റ് ഗാർഡ്, എക്സൈസ് ഗാർഡ്, ഫയർ ഫോഴ്സ് തുട ങ്ങിയ വിഭാഗത്തിൽ വിമുക്തഭടന്മാരെ കൂടുതലായി നിയമിക്കുക, രണ്ടാം ലോകമഹാ യുദ്ധത്തിൽ പങ്കെടുത്തവർക്കുള്ള സഹായം വർദ്ധിപ്പിക്കുക, രാജ്യ സൈനിക ബോർഡ് പുനഃസംഘടിപ്പിക്കുക, വീട്ടുകരം, തൊഴിൽകരം തുടങ്ങിയവയിൽനിന്നും വിമുക്ത ഭടന്മാരേയും ആശ്രിതരേയും വിധവക ളേയും ഒഴിവാക്കുക തുടങ്ങിയ ആവശ്യങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) ഈ ആവശ്യങ്ങൾ അനുകൂലമായി പരിഗണിക്കാനും വിമുക്ത ഭട ന്മാർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എക്സൈസ് ഗാർഡ് തസ്തികയിൽ വിമുക്ത ഭടന്മാർക്ക് ജോലി സംവരണം ഏർപ്പെടുത്തുന്നത് ഒഴികെ മറ്റെല്ലാ ആവശ്യങ്ങളും സർക്കാർ പരിശോധിച്ചിട്ടുണ്ട്.

(ബി) വിമുക്തഭടന്മാരുടെ വിവിധ ആവശ്യങ്ങൾ പരിശോധിക്കുകയും അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകാൻ സർക്കാർ നടപടികൾ സ്വീകരിക്കു കയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly